## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1696

22/03/2012 ൽ
മറുപടിയ്ക്ക്

### സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലെ ആശ്രിത നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| എ) 1.1.2001 മുതൽ 31.3.2011 വരെ ധനകാര്യം, പൊതുഭരണം എന്നീ സെക്രട്ടേറിയറ്റുകളിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ ഒഴിവുകളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; പ്രസ്തുത ഒഴിവുകൾ അതാത് വർഷങ്ങളിൽ തന്നെ നികത്തിയിട്ടുണ്ടോ; 31.3.2012-ൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ വിവിധ സെക്രട്ടേറിയറ്റുകളിൽ നിന്ന് ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടില്ലതെന്ന് വ്യക്തമാക്കുമോ ; | (എ) | 1.1.2001 മുതൽ 31.3.2011 വരെ ധനകാര്യം, പൊതുഭരണം എന്നീ സെക്രട്ടേറിയറ്റുകളിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ ഒഴിവുകളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. ഒഴിവുകൾ യഥാസമയം നികത്തിയിട്ടുണ്ട്. 31.3.2012-ൽ പൊതുഭരണ വകുപ്പിൽ 86 ഒഴിവുകളും ധന വകുപ്പിൽ 10 ഒഴിവുകളും ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| ബി) ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളുടെ 5% ആശ്രിത നിയമനത്തിനായി സംവരണം ചെയ്യണമെന്ന വ്യവസ്ഥ പ്രകാരം 1.1.2001 മുതൽ 31.3.2011 വരെ ഉണ്ടായ ഒഴിവുകളിൽ മേൽപ്പറഞ്ഞ സെക്രട്ടേറിയറ്റുകളിൽ നിന്നും ആശ്രിത നിയമന സെല്ലിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എത്ര ; ഇത് ആകെ ഉണ്ടായ ഒഴിവുകളുടെ എത്ര ശതമാനമാണ്; 31.3.2012-ൽ ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ ആശ്രിത നിയമന സെല്ലിലേക്ക് ശുപാർശ ചെയ്യപ്പെടാവുന്ന ഒഴിവുകൾ എത്ര ; | (ബി) | 1.1.2001 മുതൽ 31.3.2011 വരെ ഉണ്ടായ ഒഴിവുകളിൽ ആശ്രിത നിയമന സെല്ലിലേയ്ക്ക് (ആകെ ഒഴിവുകളുടെ 5%) റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. 2012-ൽ 4 ഒഴിവുകൾ പൊതുഭരണ വകുപ്പിൽ നിന്നും ആശ്രിത നിയമന സെല്ലിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| ചോദ്യം | | ഉത്തരം |
|---|---|---|
| സി) 1.1.2001 മുതൽ 31.12.2011 വരെയുള്ള കാലയളവിൽ ഏതെങ്കിലും വർഷങ്ങളിൽ ആശ്രിത നിയമനം നടത്താതിരുന്നിട്ടുണ്ടോ ; എങ്കിൽ എത്ര ഒഴിവുകൾ കുടിശ്ശികയായി കണക്കാക്കപ്പെട്ടിട്ടുണ്ട് ;<br><br>ഡി) ആശ്രിത നിയമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ നിശ്ചിത ശതമാനത്തിൽ കുറവാണെങ്കിൽ കുടിശ്ശികയായിട്ടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ; | | സി & ഡി<br><br>ഇല്ല. |
| ഇ) ആശ്രിത നിയമന പ്രകാരം സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് എത്ര വർഷമായുള്ള അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട് ; സമയബന്ധിതമായി എല്ലാ അപേക്ഷകൾക്കും നിയമനം നൽകാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | ഇ) | ആശ്രിതനിയമന പ്രകാരം സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് 6 വർഷമായുള്ള അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് സമയബന്ധിതമായിത്തന്നെ ആശ്രിത നിയമനം നൽകുന്നുണ്ട്. 2011-വരെയുള്ള ഒഴിവുകളിൽ നിയമനം നൽകി കഴിഞ്ഞു. 31.3.2012-ൽ ഉണ്ടാകുമെന്നു കണക്കാക്കിയ ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ മാത്രമേ നൽകുവാൻ ബാക്കിയുള്ളൂ. ഈ നാല് (4) ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | ആകെ ഉണ്ടായ ഒഴിവുകളുടെ എണ്ണം | ആശ്രിത നിയമനത്തിനായി മാറ്റി വയ്ക്കപ്പെട്ട ഒഴിവുകളുടെ എണ്ണം | ആശ്രിത നിയമനം വഴി നികത്തിയ ഒഴിവുകൾ | |
|---|---|---|---|---|
| | | | പൊതുഭരണ വകുപ്പ് | ധനകാര്യ വകുപ്പ് |
| 2001 | 60 | 3 | 2 | 1 |
| 2002 | 60 | 3 | 3 | - |
| 2003 | 60 | 3 | 3 | - |
| 2004 | 100 | 5 | 4 | 1 |
| 2005 | 100 | 5 | 4 | 1 |
| 2006 | 80 | 4 | 4 | - |
| 2007 | 160 | 8 | 7 | 1 |
| 2008 | 140 | 7 | 5 | 2 |
| 2009 | 20 | 1 | - | 1 |
| 2010 | 120 | 6 | 5 | 1 |
| 2011 | 100 | 5 | 5 | 0 |

സെക്ഷൻ ഓഫീസർ